# ഏലിയാ സ്ലീവാ മൂശക്കാലം

# ഏഴാം ഞായർ

## സജ്ജമാവുക, ക്രിസ്തുവിനുവേണ്ടി

ക്രിസ്തു എന്ന പുതുവീഞ്ഞിനെ ഉൾക്കൊള്ളാൻ മാത്രം എന്റെ ഹൃദയം എന്ന തോൽക്കുടത്തെ ബലപ്പെടുത്തുക എന്നത് സുവിശേഷം നിരന്തരം ആവശ്യപ്പെടുന്നുണ്ട് (Ref. മത്താ. 9, 17).

ഇന്നത്തെ തിരുവചനത്തിന്റെ കാതലും ഇതുതന്നെയാണ്. ക്രിസ്തുവിനു ചേർന്ന ആന്തരിക ചൈതന്യത്തിലേക്കുള്ള ആഹ്വാനം തന്നെ.

1. **ശിശുക്കളെപ്പോലെയാവുക**

മുതിർന്നയൊരാളും ഒരു ശിശുവും തമ്മിലുള്ള പ്രധാന വ്യത്യാസമെന്താണ്? മുതിർന്നവരുടെ എല്ലാ കാര്യങ്ങളും (യാത്ര, ഭക്ഷണം, പഠനം, ജോലി, വിശ്രമം മുതലായവ) തീരുമാനിക്കുന്നത് അവർ തന്നെയാണ്. എന്നാൽ ശിശുവിനാകട്ടെ എല്ലാം അവരുടെ അമ്മയുടെ മനസ്സുപോലെയാണ്. സ്വന്തമായിട്ട് ഒന്നുമില്ല, എല്ലാം അമ്മയുടെ നിഴലു പറ്റി, അമ്മയുടെ മനസ്സുപോലെ. ശിശുവും അമ്മയും തമ്മിലുള്ള ഈ പാരസ്പര്യത ആത്മീയ ജീവിതത്തിലേക്ക് പകർത്തണമെന്ന് ക്രിസ്തു. എന്റെ തീരുമാനങ്ങളും എന്റെ പദ്ധതികളും സന്തോഷങ്ങളും സങ്കടങ്ങളും: എല്ലാം ക്രിസ്തുവിനോടു ചേർന്ന്, ക്രിസ്തുവിന്റതായി അങ്ങനയങ്ങനെ...

*എല്ലാം എനിക്കെന്റെ ഈശോ*
*എന്റെ ജീവന്റെ ജീവനാം ഈശോ..*

## 2. ചില Surgical Decisions നടത്തേണ്ടതുണ്ട്.

ബോബി ജോസ് അച്ചന്റെതാണ് ഈ പ്രയോഗം. ശസ്ത്രക്രീയാപരമായ തീരുമാനങ്ങളെന്നൊക്കെ ഇതിനെ മലയാളത്തിലേക്ക് പകർത്താമെന്നു കരുതുന്നു. എന്തൊക്കെയാണ് ഞാൻ എന്നിൽനിന്ന് മുറിച്ചുനീക്കേണ്ടത്?

- എന്റെ ആത്മീയ നന്മയ്ക്കും ഞാൻ ജീവിക്കുന്ന ചുറ്റുപാടുകൾക്കും ഉപകരിക്കാത്തതൊക്കെയും!
- അവ ....

(ചില ബന്ധങ്ങൾ, ചില ചുറ്റുപാടുകൾ, ചില ശീലങ്ങൾ മുതലായവ)

“കാട്ടരുവി തേടി നടക്കുന്ന മാൻപേടയോപ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെത്തേടുന്നു. ജീവന്റെ ദൈവത്തെ കാണുവാൻ എന്റെ ആത്മാവ് കാത്തിരിക്കുന്നു.”ആമ്മേൻ.

**- ഫാ. അജോ രാമച്ചനാട്ട്**